**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1752** **20-06-2024 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ സർക്കാർ കോളേജ് കെട്ടിടത്തിന്റെ വാടകത്തുക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി. വി. അൻവർ** | | **ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഏത് വർഷമാണ് പ്രവർത്തനം ആരംഭിച്ചതെന്നും പ്രസ്തുത സ്ഥാപനം എത്ര വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നുവെന്നും വ്യക്തമാക്കുമോ; | (എ) | **നിലമ്പൂർ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിന് 2017-18 വർഷത്തിൽ പ്രവർത്തനാനുമതി ലഭിക്കുകയും 2018-19 വർഷത്തിൽ അധ്യയനം ആരംഭിക്കുകയുമുണ്ടായി. 6 വർഷമായി വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു.** |
| (ബി) | പ്രസ്തുത കോളേജിന്റെ പ്രവർത്തനം അമരമ്പലം പഞ്ചായത്തിലെ പൂക്കോട്ടുംപാടത്ത് നിന്നും നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിലേക്ക് മാറ്റിയ വർഷവും മാസവും തീയതിയും അറിയിക്കുമോ; പ്രസ്തുത വാടക കെട്ടിടസമുച്ചയത്തിന് പൊതുമരാമത്ത് വകുപ്പ് നിശ്ചയിച്ച വാടക എത്രയാണെന്നും കെട്ടിടത്തിന്റെ ഉടമയ്ക്ക് വാടകയിനത്തിൽ എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കുമോ; | (ബി) | 19.06.2023-ന് നിലമ്പൂർ മുനിസിപ്പാലിറ്റിയിലെ വാടക കെട്ടിടത്തിലേക്ക് പ്രവർത്തനം മാറ്റി. പൊതുമരാമത്ത് വകുപ്പ് വാടക നിശ്ചയിച്ച് നൽകിയിട്ടില്ല. |
| (സി) | കെട്ടിട ഉടമയ്ക്ക് വാടകയിനത്തിൽ നാളിതുവരെ തുകയൊന്നും ലഭിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച ഫയൽ നിലവിൽ ഏത് കാര്യാലയത്തിലാണ് കൈകാര്യം ചെയ്യുന്നതെന്ന് ഫയൽ നമ്പർ സഹിതം വ്യക്തമാക്കുമോ; | (സി) | **വാടക നിശ്ചയിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. വാടക നിശ്ചയിച്ച് നൽകുന്നതിനുള്ള ഫയൽ നിലവിൽ പൊതുമരാമത്ത് കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെ തിരുവനന്തപുരം കാര്യാലയത്തിലാണ് ഉള്ളത്. കോളേജിലെ ഫയൽ നമ്പർ A2/638/2023/GASCNLMR.** |
| (ഡി) | വാടകയിനത്തിലെ തുക നൽകുന്നതിനായി ശേഷിക്കുന്ന നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത തുക എന്നത്തേക്ക് നൽകുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ? | (ഡി) | കെട്ടിടത്തിന്റെ വാടക നിശ്ചയിച്ച് റെന്റ് സർട്ടിഫിക്കറ്റ് നൽകുന്നതിനായി അഡീഷണൽ അഡ്മിസിബിൾ ഏരിയയ്ക്ക് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതായിട്ടുണ്ട്. ഇത് സംബന്ധിച്ച് വിശദമായ പ്രൊപ്പോസൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടർ കോളേജിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വിശദമായ പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ പരിശോധിച്ച് നടപടിയെടുക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ